# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7068 11.07.2014 -ലെ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴിയുള്ള അദ്ധ്യാപകരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഹയർ സെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴി അദ്ധ്യാപകരെ ഏറ്റവും അവസാനം നിയമിച്ചത് എന്നാണ് ; | (എ) | ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം പൊതുവായി നൽകിയത് 23/07/2011-നും എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകർക്ക് ബൈടാൻസ്ഫർ നിയമനം നൽകിയത് 02/06/2014 നുമാണ്. |
| (ബി) | പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ? | (ബി) | ശ്രീ. അരുൺ റോയ്.എസ്.ആർ ഫയൽ ചെയ്ത WP (C ) 22608/11എന്ന കേസിൻമേൽ കെമിസ്ട്രി വിഷയത്തിൽ നിയമനം നടത്തുന്നതിന് 19/06/2011-ൽ ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നു. (പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ തസ്തികമാറ്റ നിയമനം നടത്തുന്നു എന്നായിരുന്നു കേസ്. ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർക്കായി 31/07/2008 വരെ നീക്കിവച്ചിരുന്ന ഒഴിവിലേക്കാണ് പ്രസ്തുത തസ്തികമാറ്റ നിയമനം നടത്തിയത്)<br>ഈ കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറുകയും 25/12/2013-ൽ സ്റ്റേ നീക്കം ചെയ്യുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ